സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 191 2024 നവംബർ 18 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

മക്കളെ അടുപ്പിലിട്ട് പൊള്ളിച്ചുകൊന്നു; അമ്മക്ക് ജീവപര്യന്തവും 35 വർഷം തടവും

അറ്റ്ലാന്റ (യു.എസ്.): ലാമോറ വില്യംസ് എന്ന 24കാരിയായ,3 കുട്ടികളുടെ അമ്മക്ക് ഇനിയുള്ള കാലം മുഴുവൻ ജയിലിൽ കിടക്കാം. സ്വന്തം മക്കളെ അടുപ്പിലിട്ട് പൊള്ളിച്ച് കൊന്നതിന് ജീവപര്യന്തവും 35 വർഷം അധികശിക്ഷയുമാണ് യു.എസ്. കോടതി വിധിച്ചിരിക്കുന്നത്. ഇതിനിടെ പരോൾ അനുവദിക്കില്ല. ഒന്നും രണ്ടും വയസ്സുള്ള രണ്ട് ആൺമക്കളെയാണ് മോറ നിഷ്ഠൂരമായി കൊലപ്പെടുത്തിയത്. സംഭവശേഷം പോലീസിനെ വിളിച്ച് തെറ്റിദ്ധരിപ്പിച്ച് കുറ്റം മറച്ചുവയ്ക്കാൻ ശ്രമിക്കുകയും ചെയ്തു. അതേസമയം യുവതി കുറ്റം സമ്മതിക്കാൻ തയ്യാറായിട്ടില്ല.

മണിപ്പൂർ കത്തുന്നു; ജനപ്രതിനിധികൾക്കും രക്ഷയില്ല; 13 എം.എൽ.എമാരുടെ വീടുകൾ തകർത്തു

ഇംഫാൽ: കലാപം തുടരുന്ന മണിപ്പൂരിൽ, ജനപ്രതിനിധികളുടെ വീടുകൾക്കുനേരെ ആക്രമണം രൂക്ഷമാകുന്നു. 9 ബി. ജെ.പി എം.എൽ.എമാരുടേത് ഉൾപ്പടെ ഇംഫാൽ താഴ്വരയിലുള്ള 13 നിയമസഭാംഗങ്ങളുടെ വീടുകൾ അക്രമികൾ തകർത്തു. ഇന്നലെ രാത്രി മുഴുവൻ നീണ്ടുനിന്ന ആൾക്കൂട്ട ആക്രമണങ്ങൾക്കും തീവെപ്പുകൾക്കും ശേഷമായിരുന്നു സംഭവം.

പൊതുമരാമത്ത് മന്ത്രി ഗോവിന്ദാസ് കോന്തൗജം, ബി.ജെ.പി എം.എൽ.എമാരായ വൈ. രാധേശ്യാം, പവോനം ബ്രൊജെൻ, കോൺഗ്രസ് നിയമസഭാംഗം ടി.എച്ച്. ലോകേഷ്വർ എന്നിവരുടെ ഉൾപ്പടെ വീടുകളാണ് നശിപ്പിക്കപ്പെട്ടത്. ബി. ജെ.പി എം.എൽ.എ കോംഖാം റോബിൻദ്രോയെ കാണാനെന്ന് ആവശ്യപ്പെട്ടെത്തിയ കലാപകാരികൾ അദ്ദേഹത്തിന്റെ വീട് തകർത്തതായി പോലീസ് പറഞ്ഞു.

കഴിഞ്ഞദിവസങ്ങളിലും സമാനമായ സംഭവങ്ങൾ ഉണ്ടായിരുന്നു. ആരോഗ്യ കുടുംബക്ഷേമ മന്ത്രി സപം രഞ്ജന്റെ വസതിയിലേക്ക് ജനക്കൂട്ടം ഇരച്ചുകയറി. ഉപഭോക്തൃ-പൊതുവിതരണ മന്ത്രി എൽ. സുശീന്ദ്രോ സിങ്ങിന്റെ വീട്ടിലും പ്രതിഷേധക്കാർ ഇരച്ചുകയറിയതായും ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ഇംഫാൽ വെസ്റ്റ് ജില്ലയിൽ പ്രക്ഷോഭകർ മുഖ്യമന്ത്രി എൻ. ബിരേൻ സിങ്ങിന്റെ മരുമകൻ കൂടിയായ ബിജെപി നിയമസഭാംഗം ആർ.കെ. ഇമോയുടെ വസതിക്ക് മുന്നിൽ തടിച്ചുകൂടി. സംഘർഷത്തിൽ സർക്കാർ മറുപടി പറയണമെന്നാവശ്യപ്പെട്ട് മുദ്രാവാക്യവും വിളിച്ചു.

ജിരിബാമിൽനിന്ന് സായുധ ഭീകരവിഭാഗക്കാർ തട്ടിക്കൊണ്ടുപോയ ആറുപേരുടെ മൃതദേഹം കണ്ടെത്തിയതിനു പിന്നാലെയാണ് വീണ്ടും മണിപ്പൂർ സംഘർഷഭരിതമായത്. മെയ്തെയ് വിഭാഗത്തിൽപ്പെട്ടവരാണ് മരിച്ച 6പേരും. കൊലപാതകത്തിന് പിന്നിൽ കുക്കി വിഭാഗത്തിൽപ്പെട്ടവരാണ് എന്നാണ് ആരോപണം. ജിരിബാം സ്വദേശിയായ ലൈഷാറാം ഹെരോജിതിന്റെ കുടുംബത്തിൽപ്പെട്ടവരാണ് മരിച്ച ആറുപേരും.

അദ്ദേഹത്തിന്റെ 2 മക്കളും, ഭാര്യയും, ഭാര്യാമാതാവും, ഭാര്യയുടെ സഹോദരിയും, അവരുടെ മകനുമാണ് മരിച്ചത്. ദുരിതാശ്വാസക്യാമ്പിൽനിന്ന്സായുധസംഘം ഇവരെ തട്ടിക്കൊണ്ടുപോയതായാണ് റിപ്പോർട്ടുകൾ പറയുന്നത്.

കൊലപാതകവിവരം പുറത്തറിഞ്ഞതോടെ സംസ്ഥാനത്ത് പലയിടങ്ങളിലും പരക്കെ അക്രമമുണ്ടായി. വ്യാപക അക്രമങ്ങൾ ഉണ്ടായതിനെത്തുടർന്ന് ഇംഫാൽ വെസ്റ്റ്, ഈസ്റ്റ് ജില്ലകളിൽ അനിശ്ചിതകാലത്തേക്കാണ് നിരോധനാജ്ഞ പ്രഖ്യാപിച്ചിരിക്കുന്നത്. ഏഴ് ജില്ലകളിൽ ഇന്റർനെറ്റ് ബന്ധം വിച്ഛേദിച്ചു. 23 അക്രമികളെ പോലീസ് അറസ്റ്റു ചെയ്തിട്ടുണ്ട്.

മുഖ്യമന്ത്രി സംഘി, പാണക്കാട് തങ്ങളുടെ മെക്കിട്ട് കയറാൻ വന്നാൽ നോക്കി നിൽക്കില്ല: കെ.എം ഷാജി

പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾക്കെതിരായ മുഖ്യമന്ത്രി പിണറായി വിജയന്റെ പരാമർശനത്തിനെതിരേ മുസ്ലിം ലീഗ് നേതാവ് കെ.എം ഷാജി. പിണറായി വിജയൻ സംഘിയാണെന്നും പാണക്കാട് തങ്ങളുടെ മെക്കിട്ട് കേറാൻ വന്നാൽ കയ്യും കെട്ടി നോക്കിയിരിക്കില്ലെന്നും കെ.എം ഷാജി വെല്ലുവിളിച്ചു. 'ചൊറിവന്നവനൊക്കെ മാന്താൻ പാണക്കാട്ടേക്ക് വരുന്ന പുതിയ പരിപാടി എല്ലാവരും തുടങ്ങിയിട്ടുണ്ട്. സാദിഖലി തങ്ങൾ കൃത്യമായ നിലപാടുകളെടുത്താണ് മുന്നോട്ട് പോകുന്നത്. പാണക്കാട് തറവാട്ടിൽനിന്നുള്ള അദ്ദേഹത്തിന് പരിമിതിയുണ്ട്.ആ പരിമിതിയൊരു ദുർബലതയായി കണ്ട് മെക്കിട്ട് കയറാൻ വന്നാൽ കളിക്കുന്നവന്റെ ട്രൗസറിഴിച്ചിട്ടേ വർത്തമാനവും ഏർപ്പാടും നിർത്തൂ.ഞങ്ങളൊക്കെ വെറുതെ ഇരിക്കാണെന്ന വിചാരം ഒരുത്തനും വേണ്ട. ഇത് മുഖ്യമന്ത്രിയോട് മാത്രമല്ല, പറയുന്നത്' – ഷാജി പറഞ്ഞു

കഴിഞ്ഞ ദിവസം പാണക്കാട്ടെത്തി പാണക്കാട് സാദിഖലി ശിഹാബ് തങ്ങളെ സന്ദീപ് വാര്യർ സന്ദർശിച്ചിരുന്നു. ഇതിനെതിരേയായിരുന്നു മുഖ്യമന്ത്രിയുടെ വിമർശം. സാദിഖലി തങ്ങൾ ജമാഅത്തെ ഇസ്ലാമി അനുയായിയെ പോലെ പെരുമാറുന്നു എന്നായിരുന്നു മുഖ്യമന്ത്രിയുടെ വിമർശം

വധശ്രമക്കേസിലെ പ്രതി അറസ്റ്റിൽ

കുന്നംകുളം: കുറുക്കൻപാറയിൽ യുവാവിനെ കുത്തികൊല്ലാൻ ശ്രമിച്ച കേസിൽ ഒരാൾ അറസ്റ്റിൽ. മല്ലാട് സ്വദേശി മൻസൂറിനെയാണ് കുന്നംകുളം പോലീസ് അറസ്റ്റ് ചെയ്തത്. വ്യക്തി വൈരാഗ്യത്തിൽ കുറുക്കൻപാറ സ്വദേശി മുമ്പാൽ ഷിബുവിനെയാണ് രണ്ടംഗസംഘം ആക്രമിച്ചത്.

പി എഫ് ഐ യും പാണക്കാട് തങ്ങളും മതിയോ തിരഞ്ഞെടുപ്പ് ജയിക്കാൻ: സുരേന്ദ്രൻ

പാലക്കാട്: സന്ദീപ് വാര്യർ പാണക്കാട് തങ്ങളെ സന്ദർശിച്ചതിനു പിന്നാലെ വിമർശനവുമായി ബി.ജെ.പി. സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ. എന്തുകൊണ്ടാണ് പാണക്കാട് തങ്ങളെ മാത്രമായി കാണുന്നത്? മറ്റു സമുദായ നേതാക്കളെല്ലാം അനുഗ്രഹം തേടാൻ കൊള്ളത്തവരാണോ? മതഭീകരവാദ ശക്തികൾക്കും ലീഗിനും കോൺഗ്രസ് അടിമപ്പെട്ടു എന്നതിന്റെ തെളിവാണിതെന്നും സുരേന്ദ്രൻ വിമർശിച്ചു.

എന്തുകൊണ്ടാണ് ഈ നേതാക്കളൊന്നും മറ്റു മതസാമുദായിക നേതാക്കളെ പോയി കണ്ട് അനുഗ്രഹം തേടാത്തത്? കേരളത്തിൽ പാണക്കാട് തങ്ങൾ മാത്രമാണോ ആധ്യാത്മിക ആചാര്യനായിട്ടുള്ളത്? മറ്റു സമുദായ നേതാക്കളെല്ലാം അനുഗ്രഹം തേടാൻ കൊള്ളാത്തവരാണോ? പോപ്പുലർ ഫ്രണ്ടും പാണക്കാട് തങ്ങളും മാത്രംമതി തെരഞ്ഞെടുപ്പ് ജയിക്കാൻ എന്നാണോ കോൺഗ്രസ് വിചാരിക്കുന്നത്? മതഭീകരവാദ ശക്തികൾക്കും ലീഗിനും കോൺഗ്രസ് അടിമപ്പെട്ടു എന്നതിന്റെ തെളിവാണിത്.

പാണക്കാട് തങ്ങൾ ഘടകകക്ഷിയുടെ നേതാവായിട്ടാണ് പോയിക്കണ്ടത് എന്നാണ് കോൺഗ്രസുകാരുടെ അടക്കം പറച്ചിൽ. പി.ജെ. ജോസഫ് ഘടകകക്ഷി നേതാവാണ്. എന്തുകൊണ്ട് അദ്ദേഹത്തെ കാണാൻ കോൺഗ്രസിൽ ചേരുന്ന പ്രാദേശിക നേതാക്കൾ തയ്യാറാവുന്നില്ല? ക്രൈസ്തവസഭ മേലധ്യക്ഷന്മാരെയോ സുകുമാരൻ നായരെയോ വെള്ളാപ്പള്ളി നടേശനെയോ പുന്നല ശ്രീകുമാറിനെയോ പോയിക്കണ്ട് അനുഗ്രഹം തേടാത്തതെന്തുകൊണ്ടാണെന്നും അദ്ദേഹം ചോദിച്ചു.

ഇത്രയധികം ലജ്ജാകരമായ നിലയിലേക്ക് കോൺഗ്രസും അതിന്റെ നേതൃത്വവും എത്തിയതെന്തുകൊണ്ടാണ്? കെ. മുരളീധരനും ഡി.സി.സി. പ്രസിഡന്റ് തങ്കപ്പനും പറയുന്നത് തങ്ങൾക്ക് ഇതേക്കുറിച്ചൊന്നും അറിയില്ലെന്നാണ്. എന്നാൽ കെ. മുരളീധരനെപ്പോയിക്കണ്ട് അനുഗ്രഹം തേടിക്കൂടേ. കോൺഗ്രസിനെ ഒരുകൂട്ടർ ഹൈജാക്ക് ചെയ്തിരിക്കുന്നു. ഷാഫി പറമ്പിലും വി.ഡി. സതീശനും കോൺഗ്രസിനെ ഒരുകൂട്ടരുടെ ആലയിൽക്കൊണ്ടുപോയി കെട്ടിയിരിക്കുകയാണ്. പാലക്കാട് എസ്.ഡി.പി.ഐ.യുടെ വോട്ട് വേണ്ട എന്ന് പറയാനുള്ള ആർജവം സതീശൻ ഇതുവരെ കാണിച്ചിട്ടില്ലെന്നും സുരേന്ദ്രൻ കൂട്ടിച്ചേർത്തു.

ആനയേയും മോഹൻലാലിനേയും മുരളീധരനേയും എത്രകണ്ടാലും മടുക്കില്ല: സന്ദീപ് വാര്യർ

പാലക്കാട്: ആനയേയും മോഹൻലാലിനേയും മുരളീധരനേയും എത്രകണ്ടാലും മടുക്കില്ലെന്ന് ബി.ജെ.പി വിട്ട കോൺഗ്രസിലെത്തിയ സന്ദീപ് വാര്യർ. പാലക്കാട് ഒരു പൊതുപരിപാടിയിൽ മുരളീധരനെ വേദിയിൽ ഇരുത്തിയാണ് സന്ദീപ് വാര്യർ പ്രശംസ ചൊരിഞ്ഞത്. കരുണാകരൻ ശക്തനായ നേതാവായിരുന്നു. ഏത് കാര്യവും നടപ്പിലാക്കാൻ കഴിവുള്ള നേതാവായിരുന്നു അദ്ദേഹമെന്നും സന്ദീപ് വാര്യർ പറഞ്ഞു. പാലക്കാട് ശ്രീകൃഷ്ണപുരം മൾട്ടി പർപ്പസ് സൊസൈറ്റിയുടെ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനചടങ്ങിൽ സംസാരിക്കുകയായിരുന്നു സന്ദീപ് വാര്യർ.

സന്ദീപ് വാര്യരെ കെ.മുരളീധരനും പ്രശംസിച്ചു. വേദിയിലേക്ക് സന്ദീപ് വാര്യരെ സ്വീകരിച്ചതും കെ.മുരളീധരനായിരുന്നു. അഭിപ്രായം ഉള്ളിടത്ത് അഭിപ്രായവ്യത്യാസം ഉണ്ടാകുമെന്ന് മുരളീധരൻ പറഞ്ഞു. കോൺഗ്രസ് ഒരു ജനാധിപത്യ പാർട്ടിയാണ്. ആ ജനാധിപത്യ പാർട്ടിയിലേക്ക് അദ്ദേഹം കടന്നുവന്നു. ഞങ്ങളെല്ലാം ഇപ്പോൾ ഒരു കുടുംബത്തിലെ അംഗങ്ങളാണെന്നും മുരളീധരൻ മാധ്യമങ്ങളോട് പ്രതികരിച്ചു.

നേരത്തെ ബി.ജെ.പി വിട്ട് കോൺഗ്രസിലേക്ക് സന്ദീപ് വാര്യർ വരുന്നതിനെ എതിർത്തിരുന്ന നേതാവാണ് കെ. മുരളീധരൻ. എന്നാൽ സന്ദീപും മുരളീധരനും ഒരുമിച്ച് വേദി പങ്കിട്ട അപൂർവ കാഴ്ചയാണ് പാലക്കാട് കണ്ടത്. മുരളീധരന് അടുത്ത് തന്നെയാണ് സന്ദീപ് വാര്യർക്കും ഇരിപ്പിടം നൽകിയത്. ഇരുവരും കുശലാന്വേഷണം നടത്തുന്നതും ചെവിയിൽ സ്വകാര്യം പറയുന്നതും ക്യാമറകളിൽ പതിഞ്ഞു.

സന്ദീപിനെ കോൺഗ്രസിലേക്ക് കൊണ്ടുവരുന്ന കാര്യത്തിൽ തന്നെ അറിയിക്കാത്തതിലുൾപ്പെടെ മുരളീധരൻ നീരസം പ്രകടിപ്പിച്ചിരുന്നു. സന്ദീപ് വാര്യർ കോൺഗ്രസിലേക്ക് വന്നതിന് പിന്നാലെ കെ. മുരളീധരന്റെ ഫേസ്ബുക്ക് പോസ്റ്റും ശ്രദ്ധേയമായിരുന്നു. സന്ദീപ് വിഷയത്തിൽ മുരളീധരന് അതൃപ്തിയുണ്ട് എന്ന പ്രചരണങ്ങളുടെ മുന ഒടിക്കുന്നതിനായാണ് ഇരുവരെയും ഒരേവേദിയിലെത്തിച്ചത്.

ലക്ഷ്യം ചൈന തന്നെ, പാങ്കോങ്ങിലേക്ക് ഇരട്ട തുരങ്കം

ന്യൂഡൽഹി: ലഡാക്കിലെ കേല ചുരത്തിൽ ഇരട്ട ടണൽ നിർമിക്കാൻ കേന്ദ്രസർക്കാർ സാധ്യതകൾ തേടുന്നു. കേല ചുരത്തിലൂടെ 7മുതൽ 8കിലോമീറ്ററവർ വരെ നീളമുള്ള ഇരട്ട ട്യൂബ് ടണൽ നിർമിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ വിലയിരുത്തുകയാണെന്ന് ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്തു. ലേയ്ക്കും പാംഗോങ് തടാകത്തിനുമിടയിൽ യാത്രക്കാരുടേയും സൈനികരുടേയും സഞ്ചാരം സുഗമമാക്കാൻ തുരങ്കം സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

എല്ലാ കാലാവസ്ഥയിലും ഗതാഗതം സുഗമമാക്കുന്ന തന്ത്രപ്രധാനമായ തുരങ്കപദ്ധതിക്ക് ഏകദേശം 6,000 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. 'ഇതൊരു ബുദ്ധിമുട്ടേറിയതും ചെലവേറിയതുമായ പദ്ധതിയാണ്. ഒപ്പം ഇതൊരു തന്ത്രപ്രധാനമായ റോഡാണ്. ഇത് ലേയിൽ നിന്ന് പാങ്കോങ്ങിലേക്കുള്ള യാത്രാ സമയം ഗണ്യമായി കുറയ്ക്കും. ഉന്നത വൃത്തങ്ങളെ ഉദ്ധരിച്ച് ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ബോർഡർ റോഡ് ഓർഗനൈസേഷനോ റോഡ് ഗതാഗത മന്ത്രാലയത്തിന് കീഴിലുള്ള നാഷണൽ ഹൈവേ ആൻഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷനോ ആകും തുരങ്കപാതയുടെ നിർമ്മാണ സാധ്യതകൾ

ലേയെ പാങ്കോങ് തടാകവുമായി ബന്ധിപ്പിക്കുന്ന രാജ്യത്തെ ഏറ്റവും ഉയരം കൂടിയ വാഹന ഗതാഗതം സാധ്യമായ ചുരമാണ് കേല ചുരം. സമുദ്രനിരപ്പിൽ നിന്ന് 18,600 അടിയാണ് ഇതിന്റെ ഉയരം. ടൂറിസം, സാമ്പത്തിക പ്രവർത്തനങ്ങൾ, സേനയുടെ സുഗമമായ സഞ്ചാരം എന്നിവ ലക്ഷ്യമിട്ട് ഗതാഗതം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ട്, 2022-ൽ ലഡാക്ക് ഭരണകൂടം ഖാർദുങ് ലാ, ഫോതു ലാ, നമിക ലാ, കേല എന്നിവിടങ്ങളിലെ 4ചുരങ്ങളിൽ പുതിയ തുരങ്കങ്ങൾ നിർമിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

അടുത്തിടെ ഇന്ത്യാ-ചൈന സംഘർഷം നിലനിന്നിരുന്ന മേഖലകൂടിയാണ് പാങ്കോങ്. അതുകൊണ്ടുതന്നെ തുരങ്ക നിർമാണം സൈനിക ആവശ്യങ്ങൾ മുന്നിൽ കണ്ടാണ് ഒരുക്കുക.

മഴയ്ക്ക് സാധ്യത

തിരു: ഇന്നും നാളെയും സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ മഴയ്ക്ക് സാധ്യത. ശബരിമല സന്നിധാനം, നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ നേരിയ മഴയ്ക്ക് സാധ്യത

മുൻ മന്ത്രിയും എഎപി നേതാവുമായിരുന്ന കൈലാഷ് ഗെഹ്‌ലോത് ഇന്ന് ബി.ജെ.പിയിൽ ചേർന്നേക്കും

ന്യൂഡൽഹി: ഡൽഹി മുൻ മന്ത്രിയും ആം ആദ്മി പാർട്ടി മുതിർന്ന നേതാവുമായിരുന്ന കൈലാഷ് ഗെഹ്‌ലോത് ബിജെപിയിലേക്കെന്ന് സൂചന. ഗെഹ്‌ലോതിന്റെ ബിജെപി പ്രവേശം സംബന്ധിച്ച വാർത്ത ദേശീയമാധ്യമങ്ങളാണ് റിപ്പോർട്ടുചെയ്തത്. ഒരു പ്രമുഖ വ്യക്തി ഇന്ന് 12 മണിക്ക് പാർട്ടിയിൽ ചേരുമെന്ന് ബിജെപി മീഡിയ സെൽ അറിയിച്ചെന്നാണ് എബിപി ലൈവ് റിപ്പോർട്ടുചെയ്യുന്നത്.

ആം ആദ്മി പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽനിന്നും മന്ത്രിസഭയിൽനിന്നും കഴിഞ്ഞദിവസമാണ് ഗെഹ്‌ലോത് രാജിവെച്ചത്. എ.എ.പി മന്ത്രിസഭയിൽ ഗതാഗതം, ഐടി, വനിതാശിശുക്ഷേമ വകുപ്പ് മന്ത്രിയായിരുന്നു. ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന് മാസങ്ങൾ ബാക്കിനിൽക്കെയാണ് അദ്ദേഹത്തിന്റെ രാജി.

പാർട്ടിക്കുള്ളിലെ പ്രശ്നങ്ങളാണ് സുപ്രധാന പദവികൾ വഹിച്ചിട്ടുള്ള കൈലാഷ് ഗെഹ്‌ലോത്തിന്റെ രാജിയിലേക്ക് നയിച്ചത്. ഇക്കാര്യം വ്യക്തമാക്കി അദ്ദേഹം പാർട്ടി ദേശീയ കൺവീനർ അരവിന്ദ് കെജ്‌രിവാളിനും കത്ത് നൽകിയിരുന്നു.

ലജ്ജാകരമായ നിരവധി വിവാദങ്ങൾ ഉണ്ടെന്നും ഇപ്പോഴും ആം ആദ്മിയിൽ വിശ്വസിക്കുന്നുണ്ടോ എന്ന് എല്ലാവരും സംശയിക്കുന്നുവെന്നും കത്തിൽ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ഡൽഹി സർക്കാർ ഭൂരിഭാഗം സമയവും കേന്ദ്രവുമായി പോരാടാൻ വിനിയോഗിക്കുന്നതിനാൽ ഡൽഹിക്ക് യഥാർത്ഥ പുരോഗതി ഉണ്ടാകില്ലെന്ന് ഇപ്പോൾ വ്യക്തമാണ്. ആം ആദ്മി പാർട്ടിയിൽ നിന്ന് വിട്ടുനിൽക്കുകയല്ലാതെ മറ്റൊരു വഴിയുമില്ലെന്ന് തോന്നുന്നു. അതിനാൽ ആം ആദ്മി പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്ന് ഞാൻ രാജിവെക്കുന്നു, എന്നായിരുന്നു കത്തിൽ ഗെഹ്‌ലോത് പറഞ്ഞത്.

റീൽസെടുക്കാൻ അണക്കെട്ടിൽ ചാടി; യുവാവിനെ കാണാനില്ല

ഭോപ്പാൽ: സമൂഹമാധ്യമത്തിൽ പോസ്റ്റ് ചെയ്യാനായി റീൽസെടുക്കാനെത്തിയ യുവാവിനെ കാണാതായി. മധ്യപ്രദേശിലെ ഗുണ ജില്ലയിലാണ് സംഭവം.

വിഡിയോ വൈറലാകണം എന്ന ഉദ്ദേശ്യത്തോടെ അണക്കെട്ടിലേക്ക് ചാടിയതിനു പിന്നാലെയാണ് ഇരുപത്തിയൊന്നുകാരനെ കാണാതായത്. രുതിയായി ഭാഗത്തുള്ള ഗോപിസാഗർ അണക്കെട്ടിലേക്കാണ് യുവാവ് ചാടിയതെന്ന് പൊലീസ് പറയുന്നു.

വീടിന് തീയിട്ടു

കുന്നംകുളം: അഞ്ഞൂരിൽ വീടിന് തീയിട്ടു. വാടകക്വാർട്ടേഴ്സിൽ താമസിക്കുന്ന അജിത്തിന്റെ വീടിനാണ് തീയിട്ടത്. പെരുന്നാളിനിടെയുണ്ടായ സംഘർഷത്തിന്റെ പ്രതികാരമായിട്ടാണ് വീടിന് തീയിട്ടത്. അഗ്നിരക്ഷാസേനയെത്തി തീയണച്ചു.

മൂന്ന് മണിക്കൂർ ഒരേനിൽപ്പ് നിർത്തി റാഗിംഗ്, എംബിബിഎസ് ഒന്നാംവർഷ വിദ്യാർത്ഥിക്ക് ദാരുണാന്ത്യം

ഗാന്ധിനഗർ: റാഗിംഗിനിരയായ എംബിബിഎസ് ഒന്നാം വർഷ വിദ്യാർത്ഥിക്ക് ദാരുണാന്ത്യം. ഗുജറാത്ത് ധർപൂർ പതാനിലെ ജിഎംഇആർഎസ് മെഡിക്കൽ കോളേജിലെ വിദ്യാർത്ഥിയായ അനിൽ മെതാനിയ ആണ് മരിച്ചത്. സീനിയർ വിദ്യാർത്ഥികൾ തുടർച്ചയായി മൂന്നുമണിക്കൂർ നിർത്തിയതിനെ തുടർന്ന് അനിൽ കുഴഞ്ഞുവീഴുകയായിരുന്നു. പിന്നാലെ 18കാരനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണപ്പെടുകയായിരുന്നു.

തന്നെ സീനിയർ വിദ്യാർത്ഥികൾ മൂന്നുമണിക്കൂർ നിൽക്കാൻ നിർബന്ധിതനാക്കിയതായി അനിൽ പൊലീസിന് മരണമൊഴി നൽകിയിട്ടുണ്ട്. മൂന്നാംവർഷ വിദ്യാർത്ഥികളുടെ റാഗിംഗിനിരയായാണ് അനിൽ മരണപ്പെട്ടതെന്നും തങ്ങൾക്ക് നീതി ലഭിക്കണമെന്നും കുടുംബം ആവശ്യപ്പെട്ടു. സംഭവത്തിൽ കർശനമായ നടപടി സ്വീകരിക്കുമെന്ന് മെഡിക്കൽ കോളേജ് ഡീൻ ഹാർദ്ദിക് ഷാ പറഞ്ഞു.

അനിലിന്റെ പിതാവ് സംഭവത്തിൽ പരാതി നൽകിയെന്നും അപകടമരണത്തിന് കേസ് രജിസ്റ്റർ ചെയ്തതായും പൊലീസ് അറിയിച്ചു. എഫ്ഐആറിൽ 15 വിദ്യാർത്ഥികളുടെ പേരുകൾ ഉണ്ടെന്നാണ് വിവരം.

എംഎൽഎയുടെ വാഹനം തടഞ്ഞ് കാട്ടാനക്കൂട്ടം

ചാലക്കുടി: മലക്കപ്പാറയിൽ എംഎൽഎയുടെ വാഹനം തടഞ്ഞ് കാട്ടാനക്കൂട്ടം. എംഎൽഎ സനീഷ് കുമാർ, കെപിസിസി സെക്രട്ടറി എ പ്രസാദ് എന്നിവർ സഞ്ചരിച്ച വാഹനമാണ് കാട്ടാനക്കൂട്ടം തടഞ്ഞത്.

ഏകദേശം ഒരു മണിക്കൂറോളം ഗതാഗതം തടസ്സപ്പെടുത്തിയ കാട്ടാനക്കൂട്ടം പിന്നീട് കാടുകയറി. ഇന്നലെ രാത്രിയോടെയായിരുന്നു സംഭവം.

കൊല്ലം മേലിലയിൽ ചെരുപ്പ് ഗോഡൗണിൽ വൻ തീപ്പിടിത്തം; ലക്ഷക്കണക്കിന് രൂപയുടെ നഷ്ടം

കൊല്ലം: കുന്നിക്കോടിന് സമീപം മേലിലയിൽ ചെരുപ്പ് ഗോഡൗണിൽ വൻ തീപ്പിടിത്തം. തിങ്കളാഴ്ച പുലർച്ചെയുണ്ടായ തീപ്പിടിത്തത്തിൽ ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായി.

മേലില കുറ്റിക്കോണത്ത് മന്നാ വില്ലയിൽ ബിനു ജോർജിന്റെ വീടിന് മുകളിലായിരുന്നു ഗോഡൗൺ. പുലർച്ചെ തീ പടർന്ന വിവരമറിഞ്ഞ് പത്തനാപുരം അഗ്നിശമനസേനാനിലയത്തിൽനിന്നുള്ള ഉദ്യോഗസ്ഥർ സ്ഥലത്തെത്തിയെങ്കിലും തീ കെടുത്താനായില്ല. പുനലൂർ, കൊട്ടാരക്കര എന്നീ നിലയങ്ങളിൽനിന്നുള്ള അഗ്നിശമന സേനാ യൂണിറ്റുകൾകൂടി എത്തി. കഠിനപരിശ്രമത്തിനൊടുവിലാണ് തീ കെടുത്താനായത്.

ഗോഡൗണിലെ 80 ശതമാനത്തിലധികം ചെരുപ്പുകളും കത്തിനശിച്ചു. താഴത്തെ നിലയിലുള്ള വീട്ടിലേക്കോ സമീപത്തെ വീടുകളിലേക്കോ തീ പടരാതിരിക്കാൻ അഗ്നിരക്ഷാ സേനാംഗങ്ങൾ മുൻകരുതലെടുത്തിരുന്നു.

കേരളത്തിൽ സ്വർണ വില പവന് 480 രൂപ വർധിച്ചു

തിരു: തുടർച്ചയായ ഇടിവുകൾക്ക് ശേഷം കേരളത്തിൽ സ്വർണ വിലയിൽ വർധന. തിങ്കളാഴ്ച പവന് 480 രൂപ വർധിച്ച് 55960 രൂപയിലെത്തി. 60 രൂപ വർധിച്ച് 6,995 രൂപയാണ് ഗ്രാമിന് വില. രാജ്യാന്തര സ്വർണ വില ഔൺസിന് 2,600 ഡോളറിനരികിലേക്ക് എത്തിയതാണ് കേരളത്തിലും വില വർധനയ്ക്ക് കാരണമായത്.

'മഹാരാഷ്ട്ര ഇങ്ങെടുക്കണം'; തൃശൂരിന്റെ ചുവടുപിടിച്ച് ബിജെപി സ്ഥാനാർത്ഥിക്ക് ഊർജം പകർന്ന് സുരേഷ് ഗോപി

മുംബയ്: മഹാരാഷ്ട്ര തിരഞ്ഞെടുപ്പിൽ മീര ഭയന്താർ മണ്ഡലത്തിൽ നിന്ന് മത്സരിക്കുന്ന ബിജെപി സ്ഥാനാർത്ഥി നരേന്ദ്ര മേത്തയുടെ പ്രചാരണ പരിപാടികളിൽ ആവേശം പകർന്ന് കേന്ദ്രമന്ത്രി സുരേഷ് ഗോപി. മഹാരാഷ്ട്ര ഇങ്ങെടുക്കണമെന്നും ബിജെപി സർക്കാർ വീണ്ടും അധികാരത്തിലെത്തുമെന്നും സുരേഷ് ഗോപി പ്രസംഗത്തിനിടെ പ്രഖ്യാപിച്ചു. കേരള സെല്ലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ നേതാക്കളായ ഉത്തം കുമാർ, മധു നായർ, മുഹമ്മദ് സിദ്ദിഖി തുടങ്ങിയവർ പ്രസംഗിച്ചു.

വസാ മണ്ഡലത്തിലെ ബിജെപി സ്ഥാനാർത്ഥി സ്നേഹദുബെയുടെ പ്രചാരണ യോഗത്തിലും സുരേഷ് ഗോപി പ്രസംഗിച്ചു. നവംബർ 20നാണ് മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിന്റെ പോളിംഗ് നടക്കുന്നത്.

മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെയുടെ നേതൃത്വത്തിലുള്ള ഭരണപക്ഷമായ മഹായുതിയും എൻസിപിയുടെ ശരദ് പവൻ, ശിവ സേനയുടെ ഉദ്ധവ് താക്കറെ എന്നിവർ നയിക്കുന്ന മഹാവികാസ് അഘാഡിയും തമ്മിലാണ് പ്രധാന പോരാട്ടം.

288 നിയമസഭാ മണ്ഡലങ്ങളിലാണ് മത്സരം നടക്കുന്നത്. നിലവി

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഇരിങ്ങാലക്കുടയിലെ റെയിൽവേ മെയിൽ സർവീസ് നിർത്തലാക്കുന്നു

ഇരിങ്ങാലക്കുട : 40 വർഷത്തിലധികമായി കല്ലേറ്റുംകരയിൽ പ്രവർത്തിക്കുന്ന റെയിൽവേ മെയിൽ സർവീസ് സംവിധാനം നിർത്തലാക്കാൻ ശ്രമം.

ഡിസംബർ 7ന് മുൻപ് ഇരിങ്ങാലക്കുട ആർ എം എസ് ഉൾപ്പെടെയുള്ള എൽ2 ഓഫീസുകൾ സമീപത്തെ സ്പീഡ് ഹബ്ബിൽ ലയിപ്പിക്കാനുള്ള കേന്ദ്ര വാർത്താവിതരണ മന്ത്രാലയത്തിന്റെ ഉത്തരവ് നടപ്പാക്കുന്നതോടെ ഇരിങ്ങാലക്കുട ആർ എം എസിന് പൂട്ടുവീഴും.

തീരപ്രദേശങ്ങൾ മുതൽ മലയോരമേഖലയായ മലക്കപ്പാറ വരെ വ്യാപിച്ചുകിടക്കുന്ന ഇരുന്നൂറോളം പോസ്റ്റ് ഓഫീസുകളിലെ തപാൽ ആണ് ഇവിടെ കൈകാര്യം ചെയ്യുന്നത്.

24 മണിക്കൂർ ബുക്കിംഗ് സമയം ഉള്ളതിനാൽ വിദേശരാജ്യങ്ങളിലേക്ക് ഉൾപ്പെടെ തപാൽ ഉരുപ്പടികൾ അയക്കാൻ പൊതുജനം ഏറെ ആശ്രയിക്കുന്ന ഓഫീസ് ആണിത്.

പോസ്റ്റ് ഓഫീസുകളുടെ പ്രവർത്തനസമയത്തിനുശേഷം രജിസ്ട്രേഡ്, സ്പീഡ് പോസ്റ്റ് ബുക്കിങ്ങിനായി കൊടുങ്ങല്ലൂർ, മാള, ചാലക്കുടി, ഇരിങ്ങാലക്കുട മേഖലയിൽ ഉള്ളവർ കല്ലേറ്റുംകരയിലെ ആർ എം എസിനെയാണ് ആശ്രയിക്കുന്നത്.

രാജ്യവ്യാപകമായി എൽ 2 ഓഫീസുകൾ അടച്ചുപൂട്ടുന്നതോടെ തപാൽ ഉരുപ്പടികൾ ലഭിക്കുന്നതിന് കാലതാമസം നേരിടാനും തപാൽ സേവനത്തെ ഇത് ബാധിക്കാനും ഇടയുണ്ട്.

നിലവിൽ ഇവിടെ കൈകാര്യം ചെയ്യുന്ന രജിസ്ട്രേഡ് മെയിലുകൾ ഡിസംബർ 7ന് മുൻപ് മറ്റി ഓഫീസ് അടച്ചുപൂട്ടാനാണ് തീരുമാനം.22 രൂപ മുടക്കി ബുക്ക് ചെയ്യുന്ന രജിസ്ട്രേഡ് മെയിലും 41 രൂപ മുടക്കി ബുക്ക് ചെയ്യുന്ന സ്പീഡ് പോസ്റ്റും ഒരുപോലെയാവും.

ഗ്രൂപ്പ് സി, എം ടി എസ്, ജി ഡി എസ് വിഭാഗങ്ങളിൽ 30ൽ അധികം ജീവനക്കാരുള്ള റെയിൽവേ മെയിൽ സർവീസിൽ രാജ്യവ്യാപകമായി ചെറുതും വലുതുമായ മുന്നൂറിലധികം ഓഫീസുകൾ നിർത്തലാക്കാനുള്ള ശ്രമമാണ് നടക്കുന്നത്.ഈ സംവിധാനം നിർത്തലാക്കുന്നതോടെ സ്വകാര്യ കൊറിയർ കമ്പനികൾ വലിയ നിരക്ക് ഈടാക്കി ഈ മേഖല കയ്യടക്കും എന്നാണ് നാട്ടുകാരുടെ ആശങ്ക. ഈ നീക്കത്തിന് എതിരെ ജീവനക്കാരുടെ സംഘടനയായ എൻ എഫ് പി ഇ രാജ്യവ്യാപകമായി പ്രക്ഷോഭങ്ങൾ നടത്തുന്നുണ്ട്.

ജസ്റ്റിസ് കെ വി ജയകുമാറിന് സ്വീകരണം നൽകി

തൃശൂർ ഗവൺമെൻറ് ലോ കോളേജിലെ പൂർവ്വ വിദ്യാർത്ഥിയായ ജസ്റ്റിസ് കെ വി ജയകുമാറിന് തൃശൂർ ഗവൺമെൻറ് ലോ കോളേജിൽ സ്വീകരണം നൽകി. പ്രിൻസിപ്പാൾ ഡോക്ടർ സോണിയ കെ ദാസ് അധ്യക്ഷത വച്ച യോഗത്തിൽ ഹൈക്കോട്ട് ജഡ്ജ് ജസ്റ്റിസ് പി എം മനോജ് ഉദ്ഘാടന കർമ്മം നിർവഹിച്ചു.

ലോ കോളേജ് മുൻ പ്രിൻസിപ്പാൾ ഡോക്ടർ മേഴ്സി തെക്കേക്കര മുഖ്യപ്രഭാഷണം നടത്തി. അലുമിനി അസോസിയേഷൻ പ്രസിഡണ്ട് അഡ്വ പി സുനിൽ, അഡ്വ സി ടി ഷാജി, പ്രൊഫസർ ഡോക്ടർ എ എ കദീജാബി, തൃശൂർ ബാർ അസോസിയേഷൻ പ്രസിഡണ്ട് അഡ്വ ജോൺസൺ ടി തോമസ്, പിടിഎ പ്രസിഡണ്ട് അഡ്വ സജിത്ത് ബി, കോളേജ് യൂണിയൻ ചെയർമാൻ ശ്രീ വരുൺ ഗാരി, ഡോക്ടർ ഭാവന കെ കെ, അസി. പ്രൊ. മേരി ജ്യോതി എന്നിവർ പ്രസംഗിച്ചു.

മാർ തിമോഥെയൂസ് മെമ്മോറിയൽ ഓർഫനേജ് 62-ാം വാർഷികവും സ്നേഹാദരവും നടത്തി

തൃശൂർ: പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ തൃശൂർ കാളത്തോട് പ്രവർത്തിക്കുന്ന മാർ തിമോഥെയൂസ് മെമ്മോറിയൽ ഓർഫനേജിന്റെ 62-ാം വാർഷികവും സ്നേഹാദരം പരിപാടിയും ഓർഫനേജ് അങ്കണത്തിൽ സമുചിതമായി ആഘോഷിച്ചു. മാർ ഔഗിൻ കുരിയാക്കോസ് മെത്രാപ്പോലിത്ത ഉദ്ഘാടനകർമ്മം നിർവഹിച്ചു.

കോർപറേഷൻ ഡെപ്യൂട്ടി മേയർ എം.എൽ റോസി വിശിഷ്ടാതിഥിയായിരുന്നു. ഓർഫനേജ് ഡയറക്ടർ റവ. ഫാ. നിംസൺ വർഗ്ഗീസ് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. ഓർഫനേജിന്റെ മുൻകാല ഡയറക്ടർമാർ, മാനേജിങ് കമ്മിറ്റി സെക്രട്ടറിമാർ എന്നിവരെ യോഗത്തിൽ ആദരിച്ചു.

സ്ഥാപനത്തിന്റെ സീഡ്വ നിൽ നിന്നുള്ള വിദേശ സ്പോൺസർമാർക്ക് പ്രത്യേക ഉപഹാരങ്ങൾ നൽകി. ക്ലർജി സെക്രട്ടറി റവ. ഫാ. K. R. ഇനാശു, വികാരി ജനറൽ റവ. ഫാ. ജോസ് ജേക്കബ് വേങ്ങാശ്ശേരി, മുൻ ഡയറക്ടർ റവ. ഫാ. ലാസർ മടത്തുംപടി, ഓർഫനേജ് കമ്മിറ്റി സെക്രട്ടറി രാജൻ ജോസ് മണ്ണുത്തി, ട്രസ്റ്റി ബോർഡ് ചെയർമാൻ ജേക്കബ് ബേബി ഒലക്കേങ്ങൽ. സ്റെറഫാൻ ഓഹലാന്റ്, മാരി കോൺറാഡ്സ്, മുളയം ആശ്രമം സെക്രട്ടറി ജോൺ ജെ. ഒല്ലുക്കാരൻ, മുൻ സെക്രട്ടറി ഗ്ലാഡി ഫ്രാൻസിസ്, ഓർഫനേജ് കമ്മിറ്റി വൈസ് പ്രസിഡന്റ് ബിനു ജോഷി എന്നിവർ പ്രസംഗിച്ചു. ഓർഫനേജ് വിദ്യാർഥികളുടെ കലാപരിപാടികളും തുടർന്ന് 'സംഗീതസന്ധ്യ' ഗാനമേളയും നടന്നു

തൃശ്ശൂർ എൽസിക്ക് പുരസ്കാരം സമർപ്പിച്ചു

വലപ്പാട്: നാടകകൃത്തും, സംവിധായകനും നടനുമായിരുന്ന കഴിമ്പ്രം വിജയന്റെ സ്മരണയ്ക്കായി സ്മാരകസമിതി ഏർപ്പെടുത്തിയ പുരസ്കാരം നടി തൃശ്ശൂർ എൽസിക്ക് പ്രൊ. സാവിത്രി ലക്ഷ്മണൻ സമർപ്പിച്ചു.

അര നൂറ്റാണ്ടിലേറെക്കാലം നാടകരംഗത്ത് പ്രവർത്തിച്ച് പരിഗണിച്ചാണ് തൃശ്ശൂർ എൽസിക്ക് പുരസ്കാരം.

സൗജന്യ നേത്ര പരിശോധന ക്യാമ്പ്

പുതുക്കാട് : ഗ്രാമ പഞ്ചായത്തും മലബാർ കണ്ണാശുപത്രിയും സംയുക്തമായി ഗവ.വൊക്കേഷ്ണൽ ഹയർ സെക്കന്ററി സ്കൂളിൽ സംഘടിപ്പിച്ച സൗജന്യ നേത്ര പരിശോധന ക്യാമ്പ് ഗ്രാമ പഞ്ചായത്തംഗം ഷാജു കാളിയേങ്കര ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്തംഗം സതി സുധീർ അദ്ധ്യക്ഷയായിരുന്നു. ഡോ : കുസുമകുമാരി ക്യാമ്പിന് നേതൃത്വം നൽകി.

അയ്യപ്പഭക്തർക്കായുള്ള ദിനബന്ധു-മെഡിക്കൽക്യാമ്പ്

തൃശൂർ: കേരളത്തിൽതന്നെ അയ്യപ്പഭകർക്കായുള്ള ഒരെയൊരു ക്യാമ്പാണ് ദീനബന്ധു കെ.കെ.ജയറാം വള്ളിശ്ശേരി അഖില കേരള എഴുത്തച്ഛൻ സമാജത്തിന്റെ സേവസന്നദ്ധ സംഘടനയായ ദിനബന്ധുവിന്റെ ആഭിമുഖ്യത്തിൽ പത്തുവർഷമായി അയ്യപ്പഭക്തർക്കായി നടത്തുന്ന സമഗ്ര ആരോഗ്യപരിശോധന ക്യാമ്പിൽ നിരവധി അയ്യപ്പ ഭക്തർ പങ്കെടുത്തു. ദീനബന്ധു സ്വാതന്ത്യസമരത്തിൽ പ്രജാമണ്ഡലത്തിന്റെ ചരിത്ര സ്മരണ ഉണർത്തുന്നതിനായി സാധിച്ചതായി ക്യാമ്പ് ഉദ്ഘാടനം ചെയ്ത അഖിലകേരള എഴുത്തച്ഛൻ സമാജം തൃശ്ശൂർ ജില്ലാ പ്രസിഡണ്ട് കെ.കെ.ജയറാം അറിയിച്ചു. ശാഖാ പ്രസിഡന്റ് ജയകൃഷ്ണൻ ടി.മേപ്പിള്ളി അധ്യക്ഷനായിരുന്നു. ജൂബിലി മിഷൻ മെഡിക്കൽകോളേജ് ആണ് ക്യാമ്പിന് നേതൃത്വം നല്കി. ശാഖാ സെക്രട്ടറി രാജേഷ് അവിണിശ്ശേരി, ശാന്തകുമാരി ടീച്ചർ, ഗ്രാമപഞ്ചായത്ത് മെമ്പർ നിത്യ ജയരാജൻ, ദിലീപ് എടത്തേടത്ത്, ബീന ലക്ഷമണകുമാർ,അർജ്ജുൻ രവി, വിഷ്ണു രവി, വിപിന ചന്ദ്രൻ, രാജി മുരളി, രശ്മി മധു എന്നിവരും ക്യാമ്പിന് നേതൃത്വം നല്കിയ ഡോ:അരുൺ, എന്നിവർ പ്രസംഗിച്ചു.

വള്ളിശ്ശേരി എഴുത്തച്ഛൻ സമാജത്തിന്റെ അയ്യപ്പഭക്തർക്കായുള്ള ദിനബന്ധു-മെഡിക്കൽക്യാമ്പിന്റെ ഉദ്ഘാടനം സമാജം ജില്ലാ പ്രസിഡണ്ട് കെ.കെ.ജയറാം ഉദ്ഘാടനം ചെയ്യുന്നു

ഉണ്ണായിവാര്യർ സ്മാരക കലാനിലയം ജീവനക്കാർ ആശങ്കയിൽ

ഇരിങ്ങാലക്കുട : സർക്കാർ ധന സഹായത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ശമ്പളവും പെൻഷനും മറ്റ് ചിലവുകളും സർക്കാരിന്റെ ബാധ്യതയല്ലെന്ന ധനകാര്യ വകുപ്പിന്റെ നിലപാടിൽ ആശങ്കയോടെ ഇരിങ്ങാലക്കുട ഉണ്ണായിവാര്യർ സ്മാരക കലാനിലയവും . കലാനിലയം ഉൾപ്പടെ വിവിധ സർക്കാർ വകുപ്പുകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന 200 ഓളം സ്ഥാപനങ്ങളാണ് കേരളത്തിലുള്ളത്. ചിലവുകൾ സ്വന്തം വരുമാനത്തിൽ നിന്നും കണ്ടെത്തണമെന്ന നിലപാട് സാസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കലാനിലയത്തിന് വെല്ലുവിളിയാകും. സർക്കാരിൽ നിന്നും ഗ്രാന്റ് ആയി ഓരോ വർഷവും അനുവദിക്കുന്ന അമ്പത് ലക്ഷം രൂപ ഉപയോഗിച്ചാണ് സ്ഥിരം ജീവനക്കാർ അടക്കം 16 പേർക്കുള്ള ശമ്പളവും വിദ്യാർഥികൾക്കുള്ള സ്റ്റൈപ്പൻഡും നൽകി വരുന്നത്. ഇത് തന്നെ കൃത്യസമയത്ത് കിട്ടാറില്ലെന്ന് കലാനിലയം അധികൃതർ ചൂണ്ടിക്കാണിക്കുന്നുണ്ട്. നിലവിൽ എഴ് മാസത്തെ ശമ്പളവും മറ്റും കുടിശ്ശികയാണ്. കഥകളി ട്രൂപ്പിൽ നിന്നുള്ള വരുമാനം മാത്രമാണ് തനത് വരുമാനമായി കലാനിലയത്തിനുള്ളത്. 2023-24 വർഷത്തിൽ നൂറോളം അരങ്ങുകൾ കിട്ടിയിയെങ്കിലും എല്ലാ വർഷവും പ്രതീക്ഷിക്കാനാവില്ലെന്നും ചൂണ്ടിക്കാണിക്കുന്നുണ്ട്. 1965 ൽ നിർമ്മിച്ച ഹാൾ ദയനീയ അവസ്ഥയിലായതോടെ ക്ലാസ്സുകൾ, യോഗങ്ങൾ, കഥകളി അവതരണങ്ങൾ എന്നിവയിൽ നിന്നുള്ള വാടകയും ഇല്ലാതെയായി. കഥകളി അവതരണങ്ങൾക്ക് മേഖലയിലെ കോളേജുകളെയും അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെയുമാണ് സംഘടനകൾ ആശ്രയിക്കുന്നത്. സർക്കാരിൽ നിന്നുള്ള ധനസഹായം നിലച്ചാൽ ആട്ടക്കഥ കൊണ്ട് സാഹിത്യ ചക്രവാളം പിടിച്ചടക്കിയ ഉണ്ണായിവാര്യരുടെ പേരിലുള്ള സ്ഥാപനം അടച്ച് പൂട്ടേണ്ടി വരുമെന്ന് കലാനിലയം അധികൃതർ വ്യക്തമാക്കുന്നുണ്ട്. ധനകാര്യ വകുപ്പിന്റെ ഉത്തരവിലുള്ള ആശങ്കകൾ പരിഹരിക്കാൻ സാംസ്കാരിക വകുപ്പിനെ സമീപിക്കാൻ ഒരുങ്ങുകയാണ് കലാനിലയം ഭരണസമിതി.

കാൺവേർസിന്റെ ഇന്ത്യയിലെ മുഖങ്ങളായി ഹർഷ് വർദ്ധനും ഖുഷി കപൂറും

കൊച്ചി: കോൺവേർസിന്റെ ഇന്ത്യയിലെ മുഖങ്ങളായി ഹർഷ് വർദ്ധനെയും ഖുഷി കപൂറിനെയും പ്രഖ്യാപിച്ചു. മുംബൈയിലെ ലിങ്കിംഗ് റോഡിൽ കോൺവേർസിന്റെ ആദ്യ സ്റ്റോർ തുടങ്ങുന്നതിനോട് അനുബന്ധിച്ചാണ് ബ്രാൻഡ് അംബാസിഡർമാരായി താരങ്ങളെ പ്രഖ്യാപിച്ചത്. 115-ലെറെ വർഷത്തെ പാരമ്പര്യമുള്ള ലൈഫ്സ്റ്റൈൽ ബ്രാൻഡാണ് കോൺവേർസ്.

നിപ്മറും ജിഇസി തൃശൂരും ധാരണാ പത്രത്തിൽ ഒപ്പിട്ടു

ഇരിങ്ങാലക്കുട: ഭിന്നശേഷി മേഖലയിലെ ഗവേഷണ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതു സംബന്ധിച്ച് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനും (നിപ്മർ) തൃശൂർ ഗവ. എൻജിനീയറിങ് കോളെജും തമ്മിൽ ധാരണാ പത്രത്തിൽ ഒപ്പിട്ടു. ഭിന്നശേഷിക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നത്തിനായിട്ടുള്ള സഹായക സാങ്കേതിക വിദ്യകളുടെ വികസനം, ഇരു സ്ഥാപനങ്ങളിലേയും ഗവേഷണ വികസനസൗകര്യങ്ങളുടെ പങ്കിടൽ, അധ്യാപകരുടേയും വിദ്യാർഥികളുടെയും പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾ സംയുക്തമായി ഏറ്റെടുക്കുന്നത്തിനായാണ് ധാരണാ പത്രം.

നിപ്മർ എക്സിക്യൂട്ടീവ് ഡയറക്റ്റർ സി. ചന്ദ്രബാബു, തൃശൂർ ഗവ. എൻജിനീയറിങ് കോളെജ് പ്രിൻസിപ്പൽ ഡോ. കെ. മീനാക്ഷിക്കുട്ടി എന്നിവർ ഒപ്പിട്ട ധാരണാ പത്രം നിപ്മറിൽ വച്ച് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദുവിന്റെ സാന്നിധ്യത്തിൽ കൈമാറി.

അമലയിൽ സൗജന്യ നേത്ര പരിശോധന ക്യാമ്പ്

തൃശൂർ: അമല മെഡിക്കൽ കോളേജ് നേത്ര രോഗ വിഭാഗം 20-ാം തീയതി രാവിലെ 9 മുതൽ നടത്തുന്ന സൗജന്യ തിമിര ശസ്ത്രക്രിയ ക്യാമ്പിൽ പങ്കെടുക്കാൻ ബുക്കിങ് നു ഫോൺ : 0487-2304158, 04872304158

വാഹന ലേലം

തൃശ്ശൂർ: സിറ്റി പോലീസ് അധികാര പരിധിയിൽ വരുന്ന വിവിധ പോലീസ് സ്റ്റേഷൻ പരിസരത്തും രാമവർമ്മപുരം എആർ ക്യാമ്പ് വളപ്പിലും സൂക്ഷിച്ചിരിക്കുന്ന അവകാശികൾ ഇല്ലാത്ത വാഹനങ്ങൾ കേരള പോലീസ് ആക്ട് 2011 സെഷൻ 56 പ്രകാരം നവംബർ 21 ലേലം ചെയ്യുന്നു. എംഎസ്ടിസി ലിമിറ്റഡ് വെബ്സൈറ്റ് ആയ www.mstcecommerce.com മുഖേന ഓൺലൈനായാണ് ലേലം നടത്തുക.

താല്പര്യമുള്ളവർക്ക് വെബ്സൈറ്റിൽ ബൈയർ ആയി രജിസ്റ്റർ ചെയ്തു ലേലത്തിൽ പങ്കെടുക്കാമെന്ന് തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

ലോകായുക്ത സിറ്റിങ് നവംബർ 21 ന്

തൃശൂർ: ലോകായുക്ത ജസ്റ്റിസ് എൻ അനിൽ കുമാർ നവംബർ 21 ന് രാവിലെ 11 ന് തൃശ്ശൂർ ഗവൺമെന്റ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ സിറ്റിങ് നടത്തും. നിശ്ചിത ഫോറത്തിലുള്ള പുതിയ പരാതികൾ ലോകായുക്ത സിറ്റിങ്ങിൽ സ്വീകരിക്കും. ഫോൺ : 0471 2300362. e-mail:keralalokayukta@gmail.com. Website:www.lokayuktakerala.gov.in

കഞ്ഞി വിതരണം ഉദ്ഘാടനം ചെയ്തു

മുളങ്കുന്നത്ത്കാവ്: സാമൂഹിക സേവന രംഗത്ത് കേരളത്തിന്റെ കരുതലായി മാറിയ എസ് വൈ എസ് നവംബർ 15 സാന്ത്വന ദിനമായി ആചരിച്ചു. അതിന്റെ ഭാഗമായി മെഡിക്കൽ കോളേജ് ക്യാൻസർ വാർഡിൽ അഡ്മിറ്റായ രോഗികൾ,കൂട്ടിരിപ്പുക്കാർ, കീമോതെറാപ്പി റേഡിയേഷനായി വരുന്ന രോഗികൾ എന്നിവർക്ക് എല്ലാ ദിവസവും കഞ്ഞി വിതരണം നടത്തുന്നതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ജിനോ ചിറ്റിലപ്പള്ളി,ഹമീദ് തളിയപാടത്ത്,അബ്ദുൽ അസീസ് നിസാമി വരവൂർ, ശമീർ എറിയാട് എന്നിവർ സന്നിഹിതരായിരുന്നു.

തണലറ്റവർക്ക് തുണയാവുക എന്ന ശീർഷകത്തിൽ ഒരു മാസം നീണ്ടുനിൽക്കുന്ന സാന്ത്വന പ്രവർത്തനങ്ങൾ വ്യാപകമായി നടപ്പിലാക്കുമെന്ന് ജില്ലാ ജന:സെക്രട്ടറി ശമീർ എറിയാട് അറിയിച്ചു. ജില്ലാ സാന്ത്വന മഹല്ലിൽ നടന്ന മൗലിദിന് അബ്ദുൽ അസീസ് നിസാമി വരവൂർ,ബശീർ അശ്റഫി ചേർപ്പ്, നിസാർ സഖാഫി തളിക്കുളം എന്നിവർ നേതൃത്വം നൽകി

മാനവ സഞ്ചാരം സ്വാഗത സംഘം യോഗം ചേർന്നു

തൃശൂർ: നവംബർ 24 ന് തൃശൂരിൽ എത്തിചേരുന്ന മാനവ സഞ്ചാരത്തിന്റെ ഒരുക്കങ്ങൾ വിലയിരുത്താനും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനുമായി സ്വാഗതസംഘം മീറ്റിംഗ് ചേർന്നു. തൃശൂരിലെ പ്ലാറ്റിനം ചേംബറിൽ ചേർന്ന യോഗത്തിൽ സ്വാഗത സംഘം ചെയർമാൻ പി.ബാലചന്ദ്രൻ എം എൽ എ അധ്യക്ഷത വഹിച്ചു. ജന: കൺവീനർ ഹമീദ് തളിയപ്പാടത്ത് ഉദ്ഘാടനം ചെയ്തു. എസ് വൈ എസ് ജില്ലാ ജനറൽ സെക്രട്ടറി പി.യു ശമീർ ചർച്ചകൾക്ക് നേതൃത്വം നൽകി. സെക്രട്ടറിമാരായ നിസാർ കുന്ദംകുളം,മാഹിൻ വടുക്കര,കബീർ കൂർക്കഞ്ചേരി സംസാരിച്ചു.

സാമൂഹിക സൗഹൃദം ശക്തിപ്പെടുത്തലും മാനവികതയെ ഉണർത്തലും ലക്ഷ്യമിട്ട് എസ് വൈ എസ് സംസ്ഥാന കമ്മിറ്റി സംഘടിപ്പിക്കുന്നതാണ് മാനവ സഞ്ചാരം.

അഴീക്കോട് മുനമ്പം ഫെറി സർവ്വീസ് ജനവഞ്ചകരെ വഴിയിൽ തടയും : യൂത്ത് കോൺഗ്രസ്

അഴീക്കോട് :: അഴീക്കോട് മുനമ്പം ഫെറി സർവ്വീസ് തകർത്ത ജനവഞ്ചകരായ ജനപ്രതിനിധികളെ വഴിയിൽ തടയുമെന്ന് യൂത്ത് കോൺഗ്രസ് അഴീക്കോട് മണ്ഡലം പ്രസിഡന്റ് എവിൻസിന്റോ പനങ്ങാട്ട് പറഞ്ഞു.

120 ദിവസങ്ങളോളം മുടങ്ങി കിടന്ന ഫെറി സർവ്വീസ് യാതൊരു മുൻകരുതലുകളുമില്ലാതെ ഏതാനും തെങ്ങിൻ കുറ്റികൾ കുഴിച്ചിട്ട് ട്രയൽ നാടകം നടത്തി ജനങ്ങളെ കബളിപ്പിക്കുകയായിരുന്നു. ചൊവ്വാഴ്ച കോൺഗ്രസ് പ്രഖ്യാപിച്ച ഹർത്താൽ ഇടത് പക്ഷത്തിന്റെ മുഖം വികൃതമാക്കുമെന്ന ഭയമാണ് ട്രയൽ റൺ നാടകത്തിന് കാരണമായത്.

ഇനിയും ജനങ്ങളെ വഞ്ചിച്ച് മുന്നോട്ട് പോകാമെന്ന് ഭരണകൂടം കരുതുന്നുവെങ്കിൽ അഴീക്കോട് പൊതുജനങ്ങളെ അണിനിരത്തി പ്രക്ഷോഭം സംഘടിപ്പിക്കുമെന്നും യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡണ്ട് എവിൻ സിന്റോ വൈസ് പ്രസിണ്ട് കെ എസ് ശരത് എന്നിവർ പറഞ്ഞു.

ഭാര്യ ആത്മഹത്യ ചെയ്തതിൽ അറസ്റ്റിലായ ഭർത്താവിന്റെ ജാമ്യാപേക്ഷ സെഷൻസ് കോടതി തള്ളി

തൃശൂർ: സുഹൃത്തായ അയൽക്കാരിയുമായുള്ള ഭർത്താവിന്റെ വഴിവിട്ട ബന്ധങ്ങൾ നേരിൽ കാണാനിടയായതിലുള്ള മാനസികവിഷമത്തിൽ ഭാര്യ ആത്മഹത്യ ചെയ്തതിൽ അറസ്റ്റിലായ തൃശ്ശൂർ പഴയന്നൂർ വില്ലേജ് വലപ്പാറ ദേശത്ത് ഈച്ചരത്ത് വീട്ടിൽ സേതുനായർ മകൻ രമേഷ് എന്ന സുരേഷ് (35 വയസ്) എന്നവരുടെ ജാമ്യാപേക്ഷ തൃശ്ശൂർ ജില്ലാ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജ് പി.പി. സെയ്തലവി തള്ളി ഉത്തരവായി.

04.09.2024 തീയതിയിലാണ് കേസിനാസ്പദമായ സംഭവം നടന്നത്. തന്റെ സുഹൃത്തും അയൽക്കാരിയുമായ യുവതിയുമായുള്ള ഭർത്താവിന്റെ ശാരീരികബന്ധങ്ങൾ നേരിൽകാണാനിടയായതിലും തുടർന്നു ബന്ധുക്കളുടെ മുമ്പിൽ വെച്ച് നടന്ന വഴക്കും ലഹളയും മൂലവും കനത്ത മാനസിക വിഷമത്തിലും സമ്മർദത്തിലുമായ യുവതി, ഭർത്താവിന്റെ സഹോദരിയുടെ വീട്ടിൽവെച്ച് തൂങ്ങിമരിക്കുകയായിരുന്നു. ചേലക്കര പോലീസ് കേസെടുത്ത് അന്വേഷണം നടത്തിയതിൽ പ്രതിയായ രമേഷ് എന്ന സുരേഷിനെ ആത്മഹത്യാ പ്രേരണക്ക് അറസ്റ്റ് ചെയ്ത് ജുഡീഷ്യൽ കസ്റ്റഡിയിൽ പാർപ്പിച്ചുവരവെ പ്രതി ജാമ്യത്തിന് സെഷൻസ് കോടതി മുമ്പാകെ ഹർജി ഫയൽ ചെയ്യുകയായിരുന്നു.

കേസ് ഡയറിയും രേഖകളും പരിശോധിച്ച കോടതി, ഭാര്യയുടെ സൂയിസൈഡ് നോട്ടിൽ പ്രതിക്കെതിരെ പരാമർശങ്ങളില്ലെങ്കിൽപോലും യുവതിയും പ്രതിയായ ഭർത്താവും തമ്മിൽ നല്ല സ്നേഹബന്ധത്തിൽ ജീവിച്ചുവരവെ, പ്രതി പങ്കാളിയോട് വിശ്വാസവഞ്ചന ചെയ്ത് ഭാര്യയുടെ സുഹൃത്തും അയൽക്കാരിയുമായ യുവതിയുമായി വഴിവിട്ട ബന്ധം ഉണ്ടാക്കിയതും ആയത് നേരിൽകണ്ടതുമൂലമുണ്ടായ മാനസിക ആഘാതവുമാണ് മരണ കാരണമെന്നതും കേസിന്റെ അന്വേഷണം പൂർത്തീകരിച്ചിട്ടില്ലെന്നും പ്രതിക്ക് ജാമ്യം അനുവദിച്ചാൽ സാക്ഷികളെ സ്വാധീനിക്കുന്നതിനും തെളിവുകൾ നശിപ്പിക്കുവാൻ സാധ്യതയുണ്ടെന്നും ആയതിനാൽ ഇത്തരം ഗൗരവമേറിയ കുറ്റകൃത്യത്തിന് യാതൊരു കാരണവശാലും പ്രതിക്ക് ജാമ്യം നൽകരുതെന്നുമുള്ള പ്രോസിക്യൂഷനുവേണ്ടി ഹാജരായ ജില്ലാ പബ്ലിക്ക് പ്രോസിക്യൂട്ടർ കെ.ബി. സുനിൽ കുമാറിന്റെ വാദങ്ങൾ പരിഗണിച്ചാണ് സെഷൻസ് കോടതി പ്രതിയുടെ ജാമ്യാപേക്ഷ തള്ളി ഉത്തരവായത്.

തൃപ്രയാർ പ്രസ് ക്ലബ്ബ്: പ്രേമചന്ദ്രൻ വടക്കേടത്ത് പ്രസിഡന്റ്

തൃപ്രയാർ: നാട്ടിക ഫർക്ക ജേർണലിസ്റ്റ് അസോസിയേഷൻ (തൃപ്രയാർ പ്രസ് ക്ലബ്ബ്) പ്രസിഡന്റായി പ്രേമചന്ദ്രൻ വടക്കേടത്തിനെയും ജന: സെക്രട്ടറിയായി സി.എസ്. സുനിലിനെയും വീണ്ടും തിരഞ്ഞെടുത്തു. എം.എസ് സജീഷ് (വൈസ് പ്രസിഡന്റ് ടി.എസ് മുനീബ് (സെക്രട്ടറി), ഇ.സി അനിൽ (ട്രഷറർ) വി.ജി ഹരികുമാർ (ഓഡിറ്റർ) എന്നിവരാണ് മറ്റു ഭാരവാഹികൾ . അസോസിയേഷന്റെ 57-മത് വാർഷിക യോഗമാണ് ഭാരവാഹികളെ തിരഞ്ഞെടുത്തത്. യോഗത്തിൽ പ്രസിഡന്റ് പ്രേമചന്ദ്രൻ വടക്കേടത്ത് അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി. സി എസ് സുനിൽ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ. ഇ സി അനിൽ. വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ചു. ടി.വി സദാശിവൻ, എം. എസ് സജീഷ്. കെ ആർ മധു. ജോസ് താടിക്കാരൻ. വി. ജി ഹരികുമാർ. സതീഷ് കല്ലയിൽ.ഇ ജെ.പ്രദീപ്. ടി എസ് മുനീബ്. എ ഐ നൗഫൽ. എന്നിവർ സംസാരിച്ചു. ജോസ് താടിക്കാരൻ വരണാധികാരിയായി

ക്വട്ടേഷൻ

തൃശൂർ: സി അച്യുതമേനോൻ ഗവ. കോളേജിലേക്ക് 2024-25 ലെ പ്ലാൻ ഫണ്ടിൽ അനുവദിച്ച തുകക്ക് 2ക്രിക്കറ്റ് ബാറ്റ് 20 ക്രിക്കറ്റ് ബോൾ എന്നിവ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. പൂരിപ്പിച്ച ക്വട്ടേഷൻ നവം. 28, 12 മണിയ്ക്കകം പ്രിൻസിപ്പാൾ സി അച്യുതമേനോൻ ഗവ. കോളേജ്, തൃശൂർ 680014 എന്ന വിലാസത്തിൽ ലഭിക്കണം. നവം. 28, 2 മണിക്ക് ക്വട്ടേഷൻ തുറക്കും. കവറിന് മുകളിൽ 2024-25 പ്ലാൻ ഫണ്ട്-കായിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ